## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2176 17.06.2014 ലെ മറുപടിയ്ക്ക്

### ലോട്ടറി ടിക്കറ്റുകളുടെ വില വർദ്ധനവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. എസ്. സുനിൽകുമാർ :<br>ശ്രീമതി. ഗീതാ ഗോപി :<br>ശ്രീ. വി. ശശി :<br>ശ്രീ. മുല്ലക്കര രത്നാകരൻ : | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വില്പനയുള്ള ലോട്ടറികൾ ഏതെല്ലാം; ഈ ലോട്ടറി ടിക്കറ്റുകളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിലുണ്ടായിരുന്ന വിലയും വർദ്ധിപ്പിച്ച വിലയും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(എ) പൗർണ്ണമി, വിൻ-വിൻ, അക്ഷയ, ഭാഗ്യനിധി എന്നീ പ്രതിവാര ഭാഗ്യക്കുറികളാണ് നിലവിൽ ഏറ്റവും കൂടുതൽ വിൽക്കപ്പെടുന്നത്. പ്രസ്തുത ഭാഗ്യക്കുറികളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ലോട്ടറി | പഴയവില | പുതുക്കിയ വില |
|---|---|---|
| പൗർണ്ണമി | 20/- | 30/- |
| വിൻ-വിൻ | 20/- | 30/- |
| അക്ഷയ | 20/- | 30/- |
| ഭാഗ്യനിധി | 20/- | 30/- |

(ബി) ലോട്ടറി ടിക്കറ്റുകൾക്ക് വില വർദ്ധിപ്പിക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഭാഗ്യക്കുറിയിൽ നിന്നുള്ള സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയാണ് പൗർണമി, വിൻ-വിൻ, അക്ഷയ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികളുടെ വില 20/- രൂപയിൽ നിന്നും 30/- രൂപയായി വർദ്ധിപ്പിച്ചത്. കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നുള്ള ലാഭം കാരുണ്യ ബെനവലന്റ് ഫണ്ടിലൂടെ നൽകിവരുന്ന ചികിത്സാ ധനസഹായത്തിന് അപര്യാപ്തമായിരുന്ന സാഹചര്യത്തിൽ കാരുണ്യ ബെനവലന്റ് ഫണ്ടിന് കൈമാറുന്നതിന് വേണ്ടി പ്രതീക്ഷ

| | | | |
|---|---|---|---|
| | | | ഭാഗ്യക്കുറിയുടെ വിലയും 40/- രൂപയിൽ നിന്നും 50/- രൂപയായി വർദ്ധിപ്പിച്ച് കാരുണ്യ പ്ലസ് എന്ന പേരിൽ സമ്മാനഘടന പരിഷ്ക്കരിച്ചു. |
| (സി) | ലോട്ടറി ടിക്കറ്റുകളിൽ ഷഫ്ളിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സമ്പ്രദായത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (സി) | ഒരു നറുക്കെടുപ്പിൽ ഓരോ സീരീസിലും വ്യത്യസ്ത നമ്പരുകളിൽ ഉള്ള ടിക്കറ്റുകൾ ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിലേയ്ക്ക് വിതരണം നടത്തുന്നതാണ് ഷഫ്ളിംഗ് സമ്പ്രദായം. ഷഫ്ളിംഗ് ചെയ്ത ടിക്കറ്റുകൾ ഏജന്റുമാർക്ക് നൽകുമ്പോൾ, വിവിധ പരമ്പരകളിലെ ഒരേ നമ്പർ ടിക്കറ്റുകൾ ഒരാൾക്ക് ലഭിക്കാനിടവരില്ല യെന്നതാണ് പ്രത്യേകത. നിലവിൽ ഈ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. |
| (ഡി) | വില വർദ്ധനയും ഷഫ്ളിംഗ് സമ്പ്രദായവും അശാസ്ത്രീയമായ പരിഷ്കാരവും മൂലം ലോട്ടറി ടിക്കറ്റ് കെട്ടികിടക്കുന്നുണ്ടോ? | (ഡി) | ഇല്ല. 20/- രൂപ ഭാഗ്യക്കുറികളുടെ വില 30/- രൂപയായി വർദ്ധിപ്പിച്ചതോടൊപ്പം ടിക്കറ്റച്ചടി 45 ലക്ഷത്തിൽ നിന്നും 49 ലക്ഷമായി ഉയർത്തിയിരുന്നു. അധികമായി അച്ചടിച്ച 5 ലക്ഷം ടിക്കറ്റുകൾ മൊത്തമായും വിൽക്കപ്പെടുന്നില്ല. 49 ലക്ഷം ടിക്കറ്റുകളിൽ ശരാശരി 47 ലക്ഷമാണ് വില വർദ്ധിപ്പിച്ചതിനു ശേഷമുള്ള ആദ്യമാസങ്ങളിൽ വിൽപന നടക്കുന്നത്. |

സെക്ഷൻ ഓഫീസർ.